**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.* 208** **05.11.2019-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാന ലോട്ടറിക്ക് ഭീഷണിയാകുന്ന കേന്ദ്ര നീക്കം</u>**

| **<u>ചോദ്യം</u>**<br>ശ്രീ.വി.ആർ. സുനിൽ കുമാർ<br>,, കെ. രാജൻ<br>,, ഇ.കെ.വിജയൻ<br>,, ജി.എസ്.ജയലാൽ | | **<u>മറുപടി</u>**<br>**ഡോ.ടി.എം.തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** | |
|---|---|---|---|
| (എ) | ഏജൻസികൾ നടത്തുന്ന ലോട്ടറിക്ക് നികുതി കുറയ്ക്കാനും ഏകീകരിക്കാനുമുള്ള നീക്കം സംസ്ഥാന ലോട്ടറിക്ക് കനത്ത ഭീഷണിയാകുമോ; വ്യക്തമാക്കുമോ; | (എ) | ഭീഷണിയാകും. നിലവിൽ രണ്ട് തരം നികുതി നിരക്കാണ് ലോട്ടറി വിൽപ്പനയിൽ നിശ്ചയിച്ചിട്ടുള്ളത്. സർക്കാർ നേരിട്ട് നടത്തുന്ന ലോട്ടറികൾക്ക് 12 ശതമാനവും സർക്കാർ Authorised ലോട്ടറികൾക്ക് 28 ശതമാനവുമാണ് നികുതി. ജി.എസ്.ടി കൗൺസിൽ യോഗങ്ങളിൽ കേരളത്തിന്റെ ശക്തമായ ഇടപെടലുകൾ മൂലമാണ് വ്യത്യസ്ത നികുതി നിരക്കുകൾ ചുമത്താൻ ഇടയായത്. ജി.എസ്.ടി നികുതി നിരക്കുകൾ ഏകീകരിക്കുകയോ ഇതര സംസ്ഥാന സർക്കാർ Authorised ലോട്ടറിയുടെ നികുതി നിരക്ക് കുറക്കുകയോ ചെയ്യുന്നത് അന്യസംസ്ഥാന ലോട്ടറിയുടെ കടന്നുവരവിനും ഇതുവഴി സംസ്ഥാന ലോട്ടറിയുടെ വരുമാനത്തിൽ വലിയ തോതിൽ നഷ്ടമുണ്ടാകുവാനും സാധ്യതയുണ്ട്. |
| (ബി) | സംസ്ഥാനങ്ങൾ നേരിട്ട് നടത്തുന്ന ലോട്ടറിക്ക് സംരക്ഷണം വേണമെന്ന കേരളത്തിന്റെ വാദം ജി.എസ്.ടി കൗൺസിൽ അംഗീകരിച്ചുവോയോന്ന് അറിയിക്കുമോ; | (ബി)<br>&<br>(സി) | 18.06.2017 ൽ നടന്ന 17-ാം ജി.എസ്.ടി കൗൺസിലിൽ സംസ്ഥാനം ലോട്ടറി വിഷയത്തിൽ ഇതുവരെ സ്വീകരിച്ചു വന്ന നിലപാടിൽ ഉറച്ചുനിന്നു. അന്യസംസ്ഥാന ലോട്ടറിയുടെ നികുതി 28% ആയി നിലനിർത്തണമെന്ന് സംസ്ഥാനം വാദിക്കുകയുണ്ടായി. വടക്കുകിഴക്കൻ സംസ്ഥാനങ്ങൾക്ക് റോയൽറ്റി നഷ്ടപ്പെടുന്നതാണ് പ്രധാന വിഷയമായി ചില സംസ്ഥാനങ്ങൾ ഉന്നയിച്ചത്. നികുതി നിരക്ക് കുറയ്ക്കുന്നത് ലോട്ടറി മാഫിയയുടെ വളർച്ചയ്ക്ക് കാരണമാകുമെന്ന് സംസ്ഥാനം ചൂണ്ടിക്കാട്ടി. ലോട്ടറി |
| (സി) | ലോട്ടറിക്ക് രണ്ട് നിരക്കിലുള്ള ചരക്ക് സേവന നികുതി ഈടാക്കുന്നത് സംബന്ധിച്ച് കേരളത്തിന് അനുകൂലമായ | | |

| | | | |
|---|---|---|---|
| | നിലപാട് ജി.എസ്.ടി കൗൺസിൽ സ്വീകരിക്കുകയുണ്ടായോ എന്നറിയിക്കുമോ? | | കേന്ദ്ര നിയമത്തിൻ കീഴിലാണെന്നും അതാത് സംസ്ഥാനങ്ങൾ നേരിട്ട് നടത്തുന്ന ലോട്ടറി വില്പനയിലൂടെ ലഭിക്കുന്ന തുക സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് എത്തുമെന്നും അത് നാടിന്റെ വികസന പ്രവർത്തന ങ്ങൾക്കായി ചെലവഴിക്കുമെന്നും സംസ്ഥാനം അഭിപ്രായപ്പെട്ടു. എന്നാൽ State authorized lottery എന്ന പേരിലുള്ള ഇടനിലക്കാർ നടത്തുന്ന ഭാഗ്യക്കുറികളുടെ വില്പന വഴിയുള്ള വിറ്റുവരവ് ഖജനാവിൽ എത്തുന്നില്ല എന്നും വളരെ ചെറിയ ഒരു തുക മാത്രമാണ് സർക്കാരിന് ലഭിക്കുന്നതെന്നും C&AG ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യവും സംസ്ഥാനം കൗൺസിലിനു മുമ്പിൽ അവതരിപ്പിച്ചിട്ടുണ്ട്.<br>ലോട്ടറി വിഷയം നന്നായി പഠിച്ച് വിശകലനം ചെയ്ത് ഒരു തീരുമാനം ഉണ്ടാക്കുന്നതിനുവേണ്ടി 01.01.2019 ൽ കൂടിയ 32-ാം ജി.എസ്.ടി. കൗൺസിലിൽ ലോട്ടറി കൈകാര്യം ചെയ്യുന്ന സംസ്ഥാനങ്ങളായ കേരളം, മഹാരാഷ്ട്ര, ഗോവ, ചില വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവയോടൊപ്പം ലോട്ടറി കൈകാര്യം ചെയ്യാത്ത മറ്റൊരു സംസ്ഥാനത്തെ കൂടി ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ, ഈ യോഗത്തിൽ സംസ്ഥാന സർക്കാർ നിലപാട് ശക്തമായി അവതരിപ്പിക്കുകയും എഴുതി നൽകുകയും ചെയ്തു. തുടർന്ന് നമ്മുടെ അഭിപ്രായവും നിയമ വ്യവസ്ഥകൾ ചൂണ്ടിക്കാണിച്ചു കൊണ്ടുള്ള നിലപാടും GST കൗൺസിൽ കൊണ്ടുവരാൻ GoM തയ്യാറായിട്ടുണ്ട്. നികുതി ഏകീകരണവുമായി ബന്ധപ്പെട്ട് ജി.എസ്.ടി. കൗൺസിലിൽ അന്തിമ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ